Ward കൂടി പണി കഴിപ്പിക്കുക, എല്ലാവിധ നവീനോപകരണങ്ങളോടുകൂടിയ ഒരു "Thoracic Surgery Department" മെഡിക്കൽ കോളേജ് ആശുപത്രിയിൽ എർപ്പെടുത്തുന്നതിനുള്ള മുതലായവയുടെ വേണ്ട പദ്ധതികൾ അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതികൾ പ്ലാനിംഗ് കമ്മീഷന്റെ അംഗീകരത്തിനു വിധേയമാണ്.

## ഉപഷാപ്പുകൾ.

* 89. [28] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഡിസ്ട്രിക്റ്റിൽ അനധികൃതമായി വളരെയധികം ഉപഷാപ്പുകൾ നടത്തുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു തടയുന്നതിനു ഗവണ്മെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ട്.

(ബി) അനധികൃത മദ്യവില്പനയെ തടയുന്നതിനു കർശനമായ നടപടികൾ എടുക്കുവാൻ റവന്യൂബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുത്തുമാവ് വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി.

* 90. [30] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് വനങ്ങളിൽ കുത്തുമാവ് വച്ചുപിടിപ്പിക്കുന്നതിനു ഗവണ്മെന്റിനു വല്ല പദ്ധതിയുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) മഞ്ഞപ്ര പഞ്ചായത്തിലായിൽപ്പെട്ട കാരക്കാട് മൈനർ റിസർവ് കുത്തുമാവ് വച്ചുപിടിപ്പിക്കുന്നതിനു തെരഞ്ഞെടുത്തിട്ടുണ്ടോ;

(ഡി) ടി മൈനർ റിസർവ് മഞ്ഞപ്ര-മാണിക്കമംഗലം വില്ലേജുകളിലെ പൊതുജനങ്ങൾ അവരുടെ കന്നുകാലി മേച്ചിലിനും പച്ചിലവളം എടുക്കുന്നതിനും ആയി ഉപയോഗപ്പെടുത്തിയിരുന്നതാണോ;

(ഇ) മഞ്ഞപ്ര പഞ്ചായത്ത് മേൽപറഞ്ഞ സംഗതിയെപ്പറ്റി എന്തെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) മലയാറ്റൂർ ഡിവിഷനിൽ കാരക്കാട്, താന്നിക്കോട് എന്നീ റിസർവുകളിൽ വെട്ടിത്തെളിച്ചു സ്ഥലത്തും തൃശ്ശൂർ, തിരുവനന്തപുരം, ചാലക്കുടി, പുനലൂർ എന്നീ ഡിവിഷനുകളിൽപ്പെട്ട എതാനും



LIBRARY ARCHIVES Kerala Legislative Assembly

റിസർവ് വനങ്ങളുണ്ട്. (ചെക്കോണം, നീരേശ്വരം, കോടശ്ശേരി, കുമ്പൽ മേടിപ്പാടം, തെരുവംഭാഗം എന്നീ സ്ഥലങ്ങളിൽ).

(സി) ഉണ്ട്.

(ഡി) അല്ല.

(ഇ) ഉണ്ട്. ഗവണ്മെൻറിന്റെ അനേഷണത്തിലിരിക്കുകയാണ്.

## ഇറിഗേഷൻ പദ്ധതി അനുവദിക്കുന്നതിനുള്ള കാലതാമസം.

* 91. [31] ശ്രീ. കെ. പി. ഹാർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മൈനർ ഇറിഗേഷൻ പദ്ധതി ഇൻവെസ്റ്റിഗേറ്റ ചെയ്ത്, എസ്റ്റിമേറ്റ തയാറാക്കി, ചെക്കുചെയ്ത് ഗവണ്മെൻറനുവാദത്തിനായി അയയ്ക്കുന്നതിനു സാധാരണ ഗതിയിൽ എത്ര കാലതാമസം വേണ്ടി വരും;

(ബി) ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിൽ നിന്നും നിർദ്ദേശിച്ച നീലീശ്വരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നു ഇൻവസ്റ്റിഗേഷൻ ആരംഭിച്ചു; എന്നു പൂർത്തിയായി; ഒറിജിനൽ എസ്റ്റിമേറ്റ തയാറാക്കുന്നതിനു എത്ര സമയം വേണ്ടിവന്നു; എസ്റ്റിമേറ്റ് പഞ്ചായത്ത് സബ് ഡിവിഷനാഫീസിലും പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസിലും ചെക്ക ചെയ്യുന്നതിനു എത്ര കാലം വേണ്ടിവന്നു; ഇപ്പോൾ ഏതു നിലയിൽ നിൽക്കുന്നു?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സാധാരണ ഗതിയിൽ വേറെ എസ്റ്റിമേറ്റ തയാറാക്കുന്ന ജോലിയോ മറ്റു വല്ല അടിയന്തിര ജോലികളോ ഇല്ലെങ്കിൽ ഒരു മൈനർ ഇറിഗേഷൻ പദ്ധതി ഇൻവെസ്റ്റിഗേറ്റ ചെയ്ത്, എസ്റ്റിമേറ്റ തയാറാക്കി ചെക്കുചെയ്ത് ഗവണ്മെൻറനുവാദത്തിനു അയയ്ക്കുന്നതിനു ഉദ്ദേശം മൂന്നു മാസക്കാലം വേണ്ടിവരും.

(ബി) ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിൽനിന്നും നിർദ്ദേശിച്ച നീലീശ്വരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ 1955 ജനുവരിയിൽ ആരംഭിച്ചു. പൂർത്തിയായിട്ടില്ല. ചില സാങ്കേതിക തടസ്സങ്ങൾ കാരണം ഈ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുന്നതേയുള്ളു.

## പ്രൊഹിബിഷൻ എൻക്വയറി കമ്മിറ്റി.

* 92. [32] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും നിയമിച്ചിട്ടുള്ള പ്രൊഹിബിഷൻ എൻക്വയറി കമ്മിറ്റി ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly